Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 54 | 2018 ഡിസംബർ 30 | 1194 ധനു 15

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

### ഗുരുവാണി

" ഇവരിൽ ഒറ്റയും ഇരട്ടയും കളിക്കുന്ന കുഞ്ഞുങ്ങൾ പഴയ തലമുറയേക്കാൾ അറിവിൽ ഉയർന്നവരാണ്. ലോകത്ത് നടക്കുന്ന ഏത് സംഭവങ്ങളും ഇരിക്കുന്നിടത്ത് തന്നെ ഇരുന്നുകൊണ്ട് അറിയാൻ പ്രാപ്തിയുള്ളവരാണവർ. പക്ഷേ അവരിൽ ആ ചിന്ത വളർത്തിയെടുക്കണം. ഇത് മനസ്സിലാക്കി വേണം മുതിർന്നവർ ജീവിക്കാൻ."

# ശാസ്ത്രവിസ്മയങ്ങൾ തീർത്ത് ശാന്തിഗിരി വിദ്യാഭവൻ

## അടൽ ടിങ്കറിംഗ് ലാബും റോബോട്ടിക് ലാബും പ്രവർത്തനം ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാസ്ത്രസാങ്കേതികരംഗത്ത് നൂതന മാതൃകകൾ തുറക്കുന്നതിനായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ അടൽ ടിങ്കറിംഗ് ലാബും റോബോട്ടിക് ലാബും പ്രവർത്തനം ആരംഭിച്ചു.സംസ്ഥാന സഹകരണവകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ലാബുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡിസംബർ 24ന് നടന്ന സ്കൂളിന്റെ 40-ാം വാർഷികാഘോഷപരിപാടി 'കലാഞ്ജലി 2018' നോടനുബന്ധിച്ചാണ് ഇതിന്റെ ഉദ്ഘാടനം നടന്നത്. ശാന്തിഗിരി വിദ്യാഭവൻ ആ പേര് അന്വർത്ഥമാക്കുന്നുണ്ടെന്നും പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ മന്ത്രി പറഞ്ഞു. സ്കൂളിലെ മുതിർന്ന അദ്ധ്യാപകരെ പൊന്നാടയണിയിച്ച് ആദരിച്ച മന്ത്രി സ്പോർട്സ് ഗാലറിയുടെ ഉദ്ഘാടനവും പരിസ്ഥിതി സംരക്ഷണ ഡോക്യുമെന്ററി സി.ഡി.യുടെ പ്രകാശനവും നിർവഹിച്ചു.



*ഷൈജു കെ മാലൂർ വരച്ച ഛായാചിത്രം മന്ത്രി കടകംപള്ളി സുരേന്ദ്രന് കൈമാറുന്നു. സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി തുടങ്ങിയവർ സമീപം*

ശാസ്ത്രാഭിരുചി വളർത്തുക, പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അടൽ ടിങ്കറിംഗ് ലാബിൽ വിവിധ പരീക്ഷണങ്ങൾ നടത്തുന്നതിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കും. റോബോട്ടിക് എഞ്ചിനീയറിംഗ് എന്ന അത്യാധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി ഉപയുക്തമാക്കുക എന്ന ഉദ്ദേശത്തോടെയാണ് റോബോട്ടിക് ലാബ് പ്രവർത്തനം ആരംഭിച്ചത്. ഇത്തരം സംവിധാനങ്ങളുള്ള കേരളത്തിലെ ചുരുക്കം ചില സ്കൂളുകളിലൊന്നാണ് ശാന്തിഗിരി വിദ്യാഭവൻ.

പുതിയ അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം എൻ.എം.ഡി.സി. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബൈജേന്ദ്രകുമാർ ഐ.എ.എസ്. നിർവഹിച്ചു. എൻ.എം.ഡി.സി.യുടെ ധനസഹായത്തോടെ നിർമ്മിച്ച ഈ ബ്ലോക്കിലാണ് അടൽ ടിങ്കറിംഗ് ലാബും റോബോട്ടിക് ലാബും പ്രവർത്തിക്കുന്നത്.

ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി.ആർ. കിരൺ, അൽ ഫാസ് ട്രേഡിംഗ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എം.ഡി. ഷിബു അബൂബേക്കർ, പഞ്ചായത്ത് അംഗം എസ്. സഹീറത്ത് ബീവി, ഇല്യൂഷനിസ്റ്റ് രാജമൂർത്തി, പി.റ്റി.എ. വൈസ് പ്രസിഡന്റ് എസ്. രാജീവ് എന്നിവർ ആശംസ അർപ്പിച്ചു.

സ്കൂൾ ന്യൂസ് ലെറ്റർ 'ജനസ്തുതി'യുടെ പ്രകാശനം ആശ്രമം എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സർവ്വാദരണീയ സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി നിർവ്വഹിച്ചു. സ്കൂൾ പ്രിൻസിപ്പാൾ ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സ്വാഗതവും വൈസ് പ്രിൻസിപ്പാൾ സ്മിജേഷ് എസ്.എം. കൃതജ്ഞതയും രേഖപ്പെടുത്തി. വിശിഷ്ടാതിഥികൾക്ക് സ്കൂൾ അദ്ധ്യാപകൻ ഷൈജു കെ. മാലൂർ വരച്ച ഛായാചിത്രങ്ങൾ ഉപഹാരമായി നൽകി. കുട്ടികളുടെ വിവിധ കലാപരിപാടികൾ, ഗാനവിരുന്ന്, കുതിരസവാരി, അമ്പെയ്ത്ത്, ഭക്ഷണമേള, സമ്മാനവിതരണം എന്നിവയും 'കലാഞ്ജലി 2018' ന്റെ ഭാഗമായി ഒരുക്കിയിരുന്നു.

# കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള സിദ്ധ ചികിത്സരീതി വ്യാപിപ്പിക്കും : മന്ത്രി കെ.കെ. ശൈലജ

## സിദ്ധ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു

**തിരുവനന്തപുരം:**കൗമാരക്കാരായ പെൺകുട്ടികളുടെ വിളർച്ചയും ശാരീരിക മാനസിക സമ്മർദവും അകറ്റുന്നതിനുള്ള സിദ്ധ ചികിത്സാരീതി നടപ്പാക്കുന്നതിനുള്ള 'കന്യാജ്യോതി' പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുമെന്ന് ആരോഗ്യ, സാമൂഹികനീതി, ആയുഷ് വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. സിദ്ധദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സിദ്ധ ചികിത്സാരീതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എട്ട് ജില്ല ആയുർവേദ ആശുപത്രികളിൽ പുതുതായി സിദ്ധ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഔഷധി ഉത്പാദനം ആരംഭിച്ച സിദ്ധ ഔഷധങ്ങളുടെ വിതരണോദ്ഘാടനം ആരോഗ്യ മന്ത്രി നിർവഹിച്ചു.



*സിദ്ധ ദിനാചരണം മന്ത്രി കെ.കെ ശൈലജ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ഇ ചന്ദ്രശേഖരൻ, വി.എസ് ശിവകുമാർ എം.എൽ.എ, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവർ സമീപം*

ദിനാചരണത്തോട് അനുബന്ധിച്ചു സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെയും എക്സ്പോയുടെയും ഉദ്ഘാടനം റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ നിർവഹിച്ചു. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പ്യ ചേമ്പേഴ്സ് ആഡിറ്റോറിയത്തിൽ ഡിസംബർ 26ന് നടന്ന ചടങ്ങിൽ വി.എസ് ശിവകുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു.

സിദ്ധ മേഖലയ്ക്ക് സമഗ്ര സംഭാവന നൽകിയ ഡോ. സി. പി.മാത്യു, ഡോ. വി. അരുണാചലം, ഡോ. സ്റ്റാൻലി ജോൺസ്, ഡോ. എ. ഗോപകുമാർ എന്നിവരെ ചടങ്ങിൽ ആദരിച്ചു. 'സിദ്ധ ദി പെർഫെക്ട് ലൈഫ് സയൻസ്'പുസ്തകത്തിന്റെ പ്രകാശനവും നടന്നു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ചടങ്ങിൽ മഹനീയസാന്നിദ്ധ്യമായി. ഔഷധി എം.ഡി ഉത്തമൻ ഐഎഫ്എസ്, ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ ഇൻചാർജ് ഡോ. കെ. എസ്. പ്രിയ, ഡോ. വി. അരുണാചലം, ഡോ. വി.ബി വിജയകുമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ജന്മഗൃഹതീർത്ഥയാത്ര വാർഷികം ജനുവരി 1ന്

**ചന്ദിരൂർ:** ജന്മഗൃഹതീർത്ഥയാത്രയുടെ 19-ാം വാർഷികം 2019 ജനുവരി 1ന് നടത്തും. ഗുരുവിന്റെ ജന്മഗൃഹത്തിലേക്ക് എല്ലാമാസവും ചോതിനാളിൽ നടത്തിവരുന്ന തീർത്ഥാടന യാത്രയുടെ വാർഷികമാണ് ജനുവരി 1ന് ആഘോഷിക്കുന്നത്. ശാന്തിയാത്ര, ബൈക്ക്റാലി, സാംസ്കാരിക സമ്മേളനം, കലാപരിപാടികൾ എന്നിവ വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

2000 ജനുവരി 1-ാം തീയതി നടന്ന അഭിവന്ദ്യശിഷ്യ പൂജിതയുടെ ജന്മഗൃഹത്തിലേക്കുള്ള സന്ദർശനവേളയിലാണ് ഗുരുവിൽ നിന്നും ചന്ദിരൂരിലേക്കുള്ള തീർത്ഥാടനത്തിന് അനുവാദം ലഭിച്ചത്.

തീർത്ഥാടനത്തോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനം രാവിലെ 11 മണിക്ക് ജന്മഗൃഹത്തിൽ നടക്കും. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം എ.എം. ആരിഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. തുറവൂർ സെന്റ് ജോസഫ് ചർച്ച് വികാരി റവ. ഫാദർ ജോൺസൺ കൂവേല, കുത്തിയതോട് മുസ്ലീം ജമാഅത്ത് ചീഫ് ഇമാം ജനാബ് ഹസ്സൻ സഖാഫി, ശാന്തിഗിരി ആശ്രമം ചേർത്തല ഏരിയ ഹെഡ് ജനനി അഭേദ ജ്ഞാനതപസ്വിനി എന്നിവർ മഹനീയ സാന്നിധ്യമാകും. അരൂർ ഗ്രാമപഞ്ചായത്ത് മെമ്പർ സി. കെ.പുഷ്പൻ, കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ജനറൽ സെക്രട്ടറി രാജു അപ്സര, വി.പി.ഹമീദ്, വി. എൻ. ബാബു, അഡ്വ.വി.അമർനാഥ്, റഫീക്ക് കാരുണ്യ, രവി രമണന്മാർ, നൗഷാദ് കുന്നേൽ, നിഷ എം.എൻ., അനോഷ്കുമാർ വി.വി., മംഗളവല്ലി എൽ. രഘുവരൻ എം.കെ. എന്നിവർ പങ്കെടുക്കും. നിരവധി ഭക്തർ തീർത്ഥയാത്രയിൽ പങ്കെടുക്കും.

# ഗുരുവാണി

ഇവിടെ വിശ്വസിക്കുന്നവർക്കും മനുഷ്യജീവിത്തിന്റെ രഹസ്യവും യാഥാർത്ഥ്യവും കർമവും കർമരൂപത്തിന്റെ യാഥാർത്ഥ്യവും മനസ്സിലാകും. വാക്കിനെ തെറ്റിക്കാതെ സൂക്ഷിച്ചാൽ കർമഗതി ശുദ്ധമാകും. ഈ സമൂഹത്തിന് യാതൊന്നിനെയും അന്വേഷിച്ചറിഞ്ഞു മാനിക്കുന്ന സ്വഭാവമില്ല. ഈ സ്വഭാവം മാറ്റിയെടുക്കാൻ തലമുറകൾ വേണ്ടിവരും. ഇവിടുത്തെ ഉദ്ദേശ്യലക്ഷ്യത്തിന്റെ ഒരംശമെങ്കിലും നിങ്ങൾ പ്രവർത്തിക്കണം. അത് ത്യാഗമാണ്. ഓരോ പ്രവൃത്തിയിലും ആ ത്യാഗം വരണം. ഒരു മഹിമയുണ്ടെങ്കിലെ ഈ ഈശ്വരവിധിയെ മാനിക്കുന്നതാകൂ. എല്ലാവരെയും നന്നാക്കണമെന്നതാണ് ഗുരുവിന്റെ ആഗ്രഹം. കർത്തവ്യ ബോധത്തോടുകൂടി ഗുരു ആജ്ഞാപിക്കുന്നത് ശിഷ്യൻ അനുസരിക്കണം. കൃഷ്ണാർജുനസംവാദം ഉദാഹരണ മായെടുക്കാം.

ലോകത്ത് വിക്രിയകളേയുള്ളൂ. അത് തങ്ങൾ മാറ്റും എന്നൊരു ബോധം നിങ്ങൾക്കുണ്ടാകണം. ഹൈന്ദവസംസ്കാരത്തെക്കുറിച്ച് അറിവുള്ളവരല്ല ഇവിടെയുള്ളത്. സാമാന്യം അറിവുണ്ടെന്നാണവരുടെ ധാരണ. പക്ഷേ ആ അറിവ് എങ്ങും കൊള്ളിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഒന്നിനെയും സ്വീകരിക്കാനും മാനിക്കാനും കഴിയാത്തത്. മഞ്ഞുകട്ടികൊണ്ട് മൂടപ്പെട്ട് തേജസ്സ് മങ്ങിപ്പോയ നാട്ടിൽ നിന്നു വന്ന് നമ്മെ ഭരിച്ചു. ഇവിടെയുണ്ടായിരുന്ന അറിവില്ലാത്ത ജനങ്ങളെക്കൊണ്ട് ഇടയ്ക്കുവന്ന തലമുറകൾ ആകെ തെറ്റിയിരിക്കുന്നു. ഈ നാടിന്റെ ഭാവിയെയും തലമുറകളെയും കുറിച്ചു ചിന്തിച്ച് നൊന്ത കുറെ ഭക്തന്മാരും സന്യാസിമാരും; ഇതെല്ലാംകണ്ട് ആർത്തുവിളിച്ച് അട്ടഹസിച്ച കുറെ യോഗികൾ- ഇവരിൽ ആരെ നമുക്ക് സ്വീകരിക്കാൻ കഴിയും? ഈ ആശ്രമത്തിൽ നടക്കുന്ന കാര്യങ്ങൾ ആർക്കും മനസ്സിലാകാത്തതിനു കാരണവും ഇതുതന്നെ.

ഇവിടെ നടക്കുന്ന പ്രാർത്ഥനചെയ്യാൻ ഈശ്വരകൽ നിന്നു അറിയിപ്പുണ്ടായപ്പോൾ, അതിന്റെ പിന്നിൽ ഇത്രയും വലിയൊരുദ്ദേശ്യമുണ്ടായിരുന്നെന്ന് അന്നെനിക്കു മനസ്സിലായില്ല. അമ്പതുപേരുടെ ദർശനം ചോദിച്ചു മനസ്സിലാക്കി കഴിഞ്ഞപ്പോഴാണ് ഇതിന്റെ ആക്കവും തൂക്കവും എനിക്ക് മനസ്സിലായി തുടങ്ങിയത്. ഓരോരുത്തരുടെ ദർശനവും ഓരോവിധത്തിൽ- അവരവരുടെ മനസ്സിന്റെ വിശാലതയനുസരിച്ച് ഇതിനെയെല്ലാം ഒത്തുചേർത്തു വിലയിരുത്തിയപ്പോൾ ലോകനീതി പൂർണമായും നടപ്പിലാക്കാൻ ഒരറിവുമില്ലാത്ത യന്ത്രസമാനരായ ഒരുകൂട്ടം ആളുകളെക്കൊണ്ട് പ്രവർത്തിപ്പിച്ചിട്ട് നോക്കിനിന്നു രസിക്കുകയാണ് ദൈവം എന്നെനിക്കു മനസ്സിലായി. ഇത്രയും വലിയ ഒരുകാര്യം ഇവ്വിധം മാന്യത കൽപിക്കാതെ നിങ്ങൾ കൊണ്ടുപോകുന്നത് ആപത്തുണ്ടാക്കും. ആ നിലയിൽ സൂക്ഷിച്ചില്ലെങ്കിൽ ഇതിനെക്കാൾ അപകടം പിടിച്ച കാര്യം മറ്റൊന്നില്ല. ഇവിടെക്കഴിയാൻ അവസരം കിട്ടിയ ഈ പെൺകുട്ടികൾ ജീവൻ ബലികൊടുത്തു. ഇതിനെ സൂക്ഷിക്കണം. അല്ലെങ്കിൽ അവരെക്കൊണ്ടു തന്നെ ഇതിന്റെ നാശവും സംഭവിക്കും.

നിലവിലിരിക്കുന്നവൈകൃതംപൂർണ്ണമായുംനശിക്കണം.ഈവൈകൃതത്തെ ചവുട്ടിക്കലക്കി ഒലിച്ചുപോകാൻ ചാലുകീറിക്കൊടുക്കാനുള്ള കഴിവുണ്ടാകണം നിങ്ങൾക്ക്. ഇവിടെ ചെയ്യുന്ന ഓരോ സങ്കൽപങ്ങൾ അതാതുരാശികളിൽ ചെന്ന് അവിടെ അടിയുറച്ചിരിക്കുന്ന ഹീനതകളെ മാറ്റിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ജനഹൃദയങ്ങളിൽ ആയിപ്പോയത് മാറ്റാനാവില്ല. സൂക്ഷ്മത്തിലുള്ളത് സങ്കല്പശക്തി കൊണ്ട് മാറ്റാം. ഒമ്പത് ഗ്രഹങ്ങളിലും പന്ത്രണ്ടുരാശികളിലും ഇരുപത്തിയേഴ് നക്ഷത്രങ്ങളിലുമായാണ് ഈ പ്രക്രിയ നടക്കുന്നത്. ഈ മാറ്റപ്പെട്ടതൊക്കെ ഭൂമിയിൽ വമിച്ചു കൊണ്ടിരിക്കുന്നു. ചന്ദ്രന്റെ പൊടിപടലങ്ങൾ ഭൂമിയിൽ പതിച്ചുകൊണ്ടിരിക്കുന്നതുപോലെ. ഇന്നീ അന്തരീക്ഷത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ തുടർന്നാൽ ഭാവിയിൽ ഭൂമിക്കു സംഭവിക്കാൻ പോകുന്ന അപകടത്തെക്കുറിച്ചു ചിന്തിക്കാൻ പോലും നിങ്ങൾക്കാവില്ല. കണ്ണുള്ളവനേ കാണാൻ കഴിയൂ. നിങ്ങൾ കൃത്യനിഷ്ഠ തെറ്റിക്കാതെ തന്നെ ഈ കർമം ചെയ്യണം. അല്ലെങ്കിൽ ഇനി വരുന്നവർ ഇതിനെ തുലയ്ക്കും.

ഗുരുപരമ്പരയെപ്പറ്റിയുള്ള അറിവേയില്ല, നിങ്ങൾക്ക്. സിദ്ധന്മാരെ പേടിച്ചിട്ടാണ് സമകാലീനരിൽ ചിലർ ചിലതൊക്കെ ചെയ്തിട്ടുള്ളത്. എന്നാൽ നിങ്ങൾക്ക് അങ്ങനെയല്ല, നിങ്ങൾക്കു പൂർണ്ണമനസ്സോടെ ചെയ്യാനുള്ള അവസരമാണു കൈവന്നിരിക്കുന്നത്. എന്നിട്ടും നിങ്ങൾക്കിതു കഴിയുന്നില്ല. അന്തരീക്ഷത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാലും ആ മാറ്റം ജനങ്ങളിൽ ഉതകണമെങ്കിൽ നിങ്ങൾ പ്രവർത്തിക്കണം. നിങ്ങൾ ചെയ്യുന്ന കർമം അന്തരീക്ഷത്തിൽ ധരിച്ചു നിന്നിട്ട് തിരിച്ച് പ്രകൃതിയുടെ സ്വഭാവമായി വന്നു ചേരുന്നുണ്ട്.

## വചനദീപ്തി

*ഏതൊരുവന് ഈശ്വരനിൽ പരമഭക്തിയുണ്ട്, അതേപ്രകാരം തന്നെയുള്ള ഭക്തി ഗുരുവിലുമുണ്ട്, ആ മഹാത്മാവിന് പരമരഹസ്യങ്ങൾ പ്രകാശിക്കുന്നു. ഗുരുവിനെപ്പോലെതന്നെ ഈശ്വരൻ, ഈശ്വരനെപ്പോലെതന്നെ ഗുരു എന്നുകരുതി പൂജിക്കപ്പെടണം. ഇരുവർക്കും ഭേദമില്ല.*

**-യോഗശിഖോപനിഷത്ത്-**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

05.01.2019 – കരുണപുരം, ജ്യോതിപുരം

## യാമപ്രാർത്ഥന

2019 ജനുവരി 3, വ്യാഴം 06.00 am – 09.00 am



# ആശ്രമപരിചയം

ഭക്തിയുടെ മൂടുപടമൊന്നും അണിഞ്ഞിട്ട് നമ്മൾ നടക്കേണ്ടകാര്യമില്ല. ഭക്തി അവന്റെ ഉള്ളിൽനിന്നും ഉതിരുന്ന ഒരു സ്നേഹമാണ്. അപ്പോൾ ഈശ്വരനോടുള്ള ആ സ്നേഹം ഏതിലൊക്കെ വ്യാപരിക്കുന്നു. ഈശ്വരൻ തന്റെ ഗുരുവിന്റെ പ്രതിരൂപമായിട്ട് ഈ തൂണിലും തുരുമ്പിലും ഉണ്ടെന്നു നമ്മൾ ധരിക്കണം. കാരണം ഒരു തീപ്പെട്ടിത്തിരിയുടെ അറ്റം എടുത്തുനോക്കിയാലും അല്ലെങ്കിൽ ഏത് അണു മുറിച്ചാലും തന്റെ ഗുരുവിന്റെ പ്രതിബിംബം അതിൽ കാണും എന്നു നമ്മൾ ധരിക്കണം. അല്ലെങ്കിൽ അതൊരു അനുഭവസത്യമാണെന്നു വിചാരിച്ചിട്ടുവേണം വേല ചെയ്യാൻ. നമ്മൾ ഏറ്റവും സ്നേഹിച്ചു വളർത്തുന്ന ഒരു നായയെപ്പറ്റി ചിന്തിക്കുക. അല്ലെങ്കിൽ ഇന്നു മനുഷ്യൻ കള്ളം കണ്ടുപിടിക്കാനായിട്ട്, നമുക്കെല്ലാവർക്കുമറിയാം, അങ്ങനെയുള്ള ഈ നായ്ക്കളെ കൊണ്ടുവന്നു മണപ്പിക്കുകയുമൊക്കെ ചെയ്യും.

ഒരു മനുഷ്യൻ നിൽക്കുന്നിടത്ത് അവന്റെ അണുക്കൾ വ്യാപരിക്കുമെന്നും നമ്മൾക്കറിയാം. അവന്റെ ഗന്ധം, അവനിൽ നിന്നുതിരുന്ന അണുക്കളുടെ വ്യത്യാസങ്ങൾ ഇതൊക്കെ മനുഷ്യൻ അറിയുന്നതിനേക്കാൾ കൂടുതൽ പക്ഷികളും മൃഗങ്ങളും അറിയുന്നു. അതിനേക്കാൾ എത്രയോ അപാരമാണു ഗുരുവിന്റെ ശക്തിയെന്നു നാം മനസിലാക്കണം. ഇപ്പോൾ നിങ്ങൾ ഇവിടംവിട്ട് എവിടെപ്പോയി ചീത്തയായാലും അത് ദൈവം അറിയില്ല എന്നു വിചാരിക്കരുത്. കാരണം അതിലും ഗുരുവിന്റെ രൂപം നിന്നു പ്രതിഫലിക്കുകയാണെന്നു വിചാരിക്കണം. ഇവിടം വിട്ടകന്നുപോയി ചീത്തചെയ്തിട്ട് വേറൊരു ചട്ടയിട്ട് ഇതിനകത്ത് കയറിവന്നാൽ ഗുരു അത് കാണുന്നില്ലെന്ന് നിങ്ങൾ ചിന്തിക്കാറുണ്ടോ? ഇപ്പോൾ എന്റെ മുമ്പിൽ ഇരിക്കുന്നതുപോലെ എല്ലാവർക്കും വെളിയിൽ പോയി ഇരിക്കാൻ പറ്റുമോ? അതുപോലെതന്നെ നമ്മൾ കർമം ചെയ്യുന്ന സ്വഭാവത്തിൽ നിങ്ങൾ വലിച്ചെറിയുന്നതുവരെ എന്നെയോർത്തുവേണം എന്നു വിചാരിക്കും. മറ്റുള്ളവരോടുള്ള ഏതെങ്കിലുമൊരു വിദ്വേഷമോ വെറുപ്പോ, അല്ലെങ്കിൽ തന്റെ ജീവിതത്തിന് ഒക്കാത്ത കാര്യങ്ങളൊക്കെ തെറ്റാണെന്നു വിചാരിക്കുന്ന ഒരു കൂട്ടം. അതല്ല ശരിയാണെന്നു ധരിക്കുന്നത് വേറൊരു കൂട്ടം. ഇങ്ങനെ പലവിധപ്പെട്ട സ്വഭാവമാണു മനുഷ്യന്റേത്. ഇതു മനസിലാക്കിയിട്ട് ആശ്രമ ജീവിതംകൊണ്ട് ത്യാഗം സൂക്ഷിക്കാനും, എന്റെ അഹന്ത അഴിച്ചുവെക്കാനുമാണ് ഞാൻ ഇവിടെ വേല ചെയ്യേണ്ടത് എന്ന ഒരു വിചാരം ഉണ്ടായിരിക്കണം. അതാണ് ത്യാഗത്തിന്റെ മൂർത്തിമദ്ഭാവം. അല്ലാതെ എനിക്ക് രസിക്കാത്തതു കേട്ടാൽ അവരു ചീത്തയാണെന്നും മറിച്ചായാൽ അവർ നല്ലതാണെന്നും പറയുന്നതിലല്ല കാര്യം. ആ തെറ്റിലും ഒരു ശരി കാണും. ആ ശരിയിലും ഒരു തെറ്റു കാണും. ഇതു മനസിലാക്കി പ്രവർത്തിച്ച് ഒരാശ്രമപരിചയം കൊണ്ട് നമ്മൾ ജീവിതം എടുത്തോളണം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** -അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ദൈവത്തിന്റെ കരുതൽ

സകല ഗുരുക്കന്മാരും പ്രവാചകന്മാരും മഹാത്മാക്കളും സമകാലികരാൽ ആക്രമിക്കപ്പെട്ടതിന്റെ ചരിത്രം കൂടിയാണ് ലോകത്തിന്റെ ചരിത്രം. ഏതൊരു ഗുരുവും പ്രവാചകനും (മഹാത്മാക്കളായവരെല്ലാം) ലോകത്തിന് നന്മവരുന്ന പ്രവൃത്തിയേ ചെയ്തിട്ടുള്ളൂ; അതിനുള്ള വാക്കേ ഉച്ചരിച്ചിട്ടുള്ളൂ. എന്നിട്ടും അവർ പീഡിപ്പിക്കപ്പെട്ടു, ആക്രമിക്കപ്പെട്ടു!

സിക്കുഗുരുക്കന്മാരുടെ അനുയായികളെ വറുത്തമണലിൽ ഇട്ടു പൊരിച്ചതായിട്ടാണു ചരിത്രം. നബിതിരുമേനിയുടെ അനുചരന്മാരെ കഴുത്തിൽ കയറിട്ടു വലിച്ചിഴച്ച് ചുട്ടുപഴുത്ത മണലാരണ്യത്തിൽ മലർത്തിക്കിടത്തി നെഞ്ചിൽ വലിയ പാറക്കല്ലുകൾ കയറ്റിവച്ചു. ഇരുമ്പിന്റെ ചുട്ടുപഴുത്ത തീക്കനൽകട്ടകൊണ്ട് ദേഹത്തു കുത്തി. ചത്ത ഒട്ടകത്തിന്റെ അഴുകിയ കുടൽ കഴുത്തിലണിയിച്ചു. നബിതിരുമേനിയെത്തന്നെ ഇല്ലാതാക്കാൻ ശ്രമിച്ചു. യേശുവിനെ പീഡിപ്പിച്ചുകൊന്നു. അനുയായികളെ പീഡിപ്പിച്ചതിനും കൊലപ്പെടുത്തിയതിനും കണക്കില്ല. ശ്രീബുദ്ധനും അനുയായികൾക്കും അനുഭവിക്കേണ്ടി വന്ന നൊമ്പരങ്ങളും പീഡനങ്ങളും ചരിത്രമാണ്.

ആരിതു ചെയ്തു? എന്തിനിതു ചെയ്തു? എന്തുകൊണ്ടു ചെയ്തു? എന്നതിനു പ്രസക്തി ഇല്ല. ചെയ്തു എന്നുള്ളതാണ് സത്യം. മഹാത്മാക്കൾ പീഡിപ്പിക്കപ്പെട്ടു. ആർക്കും ഒരു ദ്രോഹവും ചെയ്തിട്ടില്ലാത്ത ധന്യാത്മാക്കൾ. ലോകത്തിനു നേരും നേർവഴിയും സത്യവും നീതിയും ധർമ്മവും സർവോപരി സ്നേഹവും കാരുണ്യവും കോരിച്ചൊരിഞ്ഞവർ. അവരുടെ വേദനയിൽ സന്തോഷം തേടിയവർ, അവരെ ഇല്ലാതാക്കിയതിൽ ആനന്ദിച്ചവർ, പേരുകൊണ്ട് ഇവരെ എങ്ങനെ സംബോധനചെയ്യണമെന്ന് അറിഞ്ഞുകൂടാ.

ഗുരുക്കന്മാരെയോ മറ്റു മഹാത്മാക്കളെയോ വേദനിപ്പിക്കുന്നവർ ഒരു കാലത്തും എങ്ങും നീതീകരിക്കപ്പെടുന്നില്ല. “ശ്രീനാരായണഗുരുവിനെ നിന്ദിച്ചിട്ടുള്ള ഒരു നൂറു വീടെങ്കിലും മുടിഞ്ഞു പോയിട്ടുള്ളത് എനിക്കു നേരിട്ടറിയാവുന്ന കാര്യമാണ്” എന്ന് ഗുരു അരുൾ ചെയ്തിട്ടുണ്ട്. എവിടെയൊക്കെ ഗുരുക്കന്മാർ നിന്ദിക്കപ്പെടുന്നുവോ, എവിടെയൊക്കെ ഗുരുക്കന്മാർ പീഡിപ്പിക്കപ്പെടുന്നുവോ, അവിടെയൊക്കെ പ്രകൃതിയിൽ നിന്നുള്ള തിരിച്ചടി ഉണ്ടായിട്ടുണ്ട്. ഇനിയും ഉണ്ടാകും എന്നുള്ള കാര്യത്തിന് സംശയമില്ല. കാരണം ഗുരു എന്നുള്ളത് കേവലം ഒരു ശരീരമല്ല. ചലനാത്മകമായ പ്രപഞ്ചത്തിന്റെ അപ്പുറം നിൽക്കുന്ന ചലനാത്മകമായ ഉൺമയാണ്. നമുക്കത് നിശ്ചയമില്ലാത്തതുകൊണ്ട് മാനിക്കാൻ തയാറാവുന്നില്ല.

എന്നാൽ മാനിക്കുന്നവർ ആ മഹാചലനത്തിന്റെ ഭാഗമായിത്തീരുന്നു. ചുരുക്കം ചിലർ ആ ചലനം തന്നെ ആയിത്തീരുന്നു. ഇവരത്രേ ശിഷ്യർ. ജീവിതം കൊണ്ട് ഗുരുവിനെ സാക്ഷാത്കരിക്കുന്നു, ശിഷ്യൻ. ഇങ്ങനെയുള്ള ശിഷ്യന്റെ അനുഭവം ഗുരുവിന്റെ അനുഭവത്തിൽ നിന്ന് ഒട്ടും ഭിന്നമായിരിക്കില്ല. ഗുരു പീഡിപ്പിക്കപ്പെട്ടതിനു തുല്യം ശിഷ്യനും പീഡിപ്പിക്കപ്പെടാം. ശിഷ്യന്മാർ ഓരോരുത്തരും പീഡിപ്പിക്കപ്പെടാം. ഇതിനു ദൃഷ്ടാന്തമാണ് മേൽപ്പറഞ്ഞ ഗുരുക്കന്മാർക്കും ശിഷ്യപരമ്പരകൾക്കും ഉണ്ടായ അനുഭവം.

ഗുരുവിന്റെ നിശ്ചയദാർഢ്യം ദൈവത്തിന്റെ കരുതലും കൽപനയുമാണ്. അതിനെ ഇല്ലാതാക്കാൻ ലോകത്താർക്കും സാധ്യമല്ല. ഗുരുവിന്റെ ദേഹം ആർക്കും എപ്പോഴും ഇല്ലാതാക്കാം. പക്ഷേ ആ ചലനം, ചലനാത്മകമായ ആ ഉണ്മ ലോകത്താർക്കും ഇല്ലാതാക്കാൻ സാധിക്കില്ല. അത് ശിഷ്യനിലൂടെ ലോകാന്ത്യത്തോളം നിലനിൽക്കും. ലോകത്തെവിടെയെങ്കിലും ഒരു ഹൃദയം ദൈവത്തിനായി സ്പന്ദിക്കാനുണ്ടാകും. പിശാചിനായി സ്പന്ദിക്കുന്ന ഹൃദയങ്ങൾ അനേകമുണ്ടായേക്കാം. പക്ഷേ ദൈവത്തിനായി സ്പന്ദിക്കുന്ന ഒരേയൊരു ഹൃദയമുണ്ടെങ്കിൽ ആ ഹൃദയത്തിന് മുമ്പിൽ യാതൊന്നും ഒന്നുമല്ല. അങ്ങനെ സ്പന്ദിക്കുന്ന ഹൃദയമാണ് ശിഷ്യൻ. ഗുരുവിന്റെ സ്ഥാനം ആ ഹൃദയത്തിലാണ്. ആർക്ക് നശിപ്പിക്കാനൊക്കും അതിനെ?

# 2018 കടന്നു പോകുമ്പോൾ

### പ്രാർത്ഥനയുടെ ധന്യത

ഗുരുവിനെ പ്രാർത്ഥിച്ച് ജീവന് നിറധന്യത നേടുന്നതിനായി മനുഷ്യരാശിക്ക് പ്രാർത്ഥനാമന്ദിരങ്ങൾ ലഭിക്കുകയെന്നത് ദൈവകാരുണ്യത്തിന്റെ അനന്തമായ കാരുണ്യനിറവായാണ് കരുതേണ്ടത്. രണ്ട് സ്ഥലങ്ങളിലാണ് 2018ൽ പ്രാർത്ഥനാലയങ്ങളുടെ സമർപ്പണം നടന്നത്. ഏപ്രിൽ 28ന് തൃശ്ശൂരിൽ ശാന്തിഗിരി ആശ്രമം തങ്ങാലൂർ ബ്രാഞ്ചിലെ പ്രാർത്ഥനാലയത്തിന്റെയും ഏപ്രിൽ 30ന് മലപ്പുറത്തുള്ള ശാന്തിഗിരി ആശ്രമം തെയ്യാല ബ്രാഞ്ചിലെ പ്രാർത്ഥനാലയത്തിന്റെയും സമർപ്പണകർമ്മം അഭിവന്ദ്യശിഷ്യപൂജിത നിർവ്വഹിച്ചു. ജൂൺ 2ന് കൊട്ടാരക്കരയിലേക്കുള്ള അഭിവന്ദ്യശിഷ്യപൂജിതയുടെ തീർത്ഥയാത്രയും ഏവരുടേയും മനസ്സിൽ ദീപ്തസ്മരണകളായി നിലനിൽക്കും.

### മഹാപ്രളയത്തിലെ കൈത്താങ്ങ്

സംസ്ഥാനത്തെയാകെ സങ്കടക്കടലിൽ മുക്കിയ മഹാപ്രളയത്തിൽ ശാന്തിഗിരി ആശ്രമവും കൈത്താങ്ങായി. ആശ്രമത്തിലെ സന്ന്യാസിമാരുടെ നേതൃത്വത്തിൽ ശാന്തിമഹിമ പ്രവർത്തകർ വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് ദുരന്തമുഖത്ത് സഹായമെത്തിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ ലക്ഷക്കണക്കിന് രൂപയുടെ അവശ്യസാധനങ്ങൾ ആശ്രമത്തിൽ നിന്ന് നൽകുകയുണ്ടായി. പ്രളയക്കെടുതി കാരണം ഈ വർഷത്തെ നവപൂജിതം ആഘോഷങ്ങൾ പ്രാർത്ഥനാദിനമായാണ് ആചരിച്ചത്.

### തണലേകാൻ "വാസശ്രീ'

പൂജിതപീഠം സമർപ്പണം 2018 ആഘോഷത്തിന്റെ ഭാഗമായി നടത്തിയ ഗൃഹസന്ദർശനവേളയിൽ വർഷങ്ങളായി ആശ്രമത്തിൽ സേവനം ചെയ്യുന്ന ആത്മബന്ധുക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുക എന്ന ഉദ്ദേശത്തോടെ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി പ്രഖ്യാപിച്ച ഭവന പദ്ധതിയാണ് 'വാസശ്രീ'. പദ്ധതിയുടെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു.

### ശ്രദ്ധേയമായ സന്ദർശനങ്ങൾ

നവഒലി ജ്യോതിർദിനം 19 ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാൻ മെയ് 1 ന് ഇന്ത്യൻ ആഭ്യന്തര വകുപ്പ് മന്ത്രി രാജ്നാഥ് സിങ് ആശ്രമത്തിലെത്തി. ഗുരു ഭാരതത്തിന്റെ ആത്മീയപ്രകാശമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബഹറിൻ ഉപപ്രധാനമന്ത്രി ഷെയ്ഖ് ഖാലിദ് ബിൻ അബ്ദുള്ള അൽ ഖലീഫയും അന്നേ ദിവസം ആശ്രമം സന്ദർശിച്ചു. ഫെബ്രുവരി 22ന് നടന്ന പൂജിതപീഠം സമർപ്പണം 2018 ആഘോഷം ഉദ്ഘാടനം ചെയ്യാനായി കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി മുഖ്താർ അബ്ബാസ് നഖ്‌വി ആശ്രമത്തിലെത്തി. മിസ്സോറാം ഗവർണർ കുമ്മനം രാജശേഖരൻ, കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, ബി.എസ്.എഫ്. ഡയറക്ടർ ജനറൽ കെ.കെ.ശർമ്മ, രാജ്യസഭ ഉപാധ്യക്ഷൻ പി.ജെ.കുര്യൻ തുടങ്ങി നിരവധി പ്രമുഖരും ഈ വർഷം ആശ്രമം സന്ദർശിച്ചു.

### പുരസ്കാര നിറവിൽ

ശാന്തിഗിരി ആശ്രമം ഏർപ്പെടുത്തിയ പ്രതിഭ 2018 പുരസ്കാരം മെയ് 6ന് പ്രമുഖ നടൻ പത്മശ്രീ ജയറാമിന് സമ്മാനിച്ചു.

ഒരുമ, അവുക്കാദർകുട്ടിനഹ പുരസ്കാരങ്ങൾ ഈ വർഷം ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് ലഭിച്ചു. മെട്രോമാർട്ട് മാസികയുടെ എം.എസ്.എം.ഇ. പുരസ്കാരം ശാന്തിഗിരി ആശ്രമത്തിന് ലഭിച്ചു. റിപ്പോർട്ടർ ടി.വി.യുടെ ബിസിനസ് റിലയബിലിറ്റി പുരസ്കാരം ശാന്തിഗിരി ആയുർവേദ വൈദ്യശാലക്ക് ലഭിച്ചു. കൂടുതൽ പേർക്ക് സ്വയസംരക്ഷണപാഠം പകർന്ന് നൽകിയതിനുള്ള വേൾഡ് ഗിന്നസ് ബുക്ക് റിക്കോഡ് മറ്റ് സ്ഥാപനങ്ങളോടൊപ്പം ശാന്തിഗിരി ആശ്രമത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും പങ്കിട്ടു. സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പിന്റെ സുവർണ്ണ പുരസ്കാരം ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിനും മദ്യവർജ്ജനസമിതി, നല്ലപാഠം പുരസ്കാരം എന്നിവ ശാന്തിഗിരി വിദ്യാഭവനും ലഭിച്ചു.

### വായനാനുഭവം

2018ൽ ശാന്തിഗിരി പബ്ലിക്കേഷൻസ് പുറത്തിറക്കിയ 'കാരുണ്യത്തിന്റെ നിറവ്','സ്മൃതിപുഷ്പം', മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ 'ആനന്ദത്തിന്റെ ഇതളുകൾ' എന്നിവ മികച്ച വായനാനുഭവങ്ങളായി.

### നേട്ടങ്ങളിലൂടെ

ശാന്തിഗിരി ഭഗിനി നികേതന് ഗുണമേന്മയ്ക്കുള്ള ISO സർട്ടിഫിക്കറ്റ് ലഭിച്ചത് ഈ വർഷമാണ്. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞതും സ്വകാര്യ മേഖലയിൽ ശാന്തിഗിരി ഷോപ്പിംഗ് സെന്ററുകൾ ആരംഭിക്കാൻ സാധിച്ചതും സിദ്ധ ഗവേഷണത്തിന് മണിപ്പാൽ യൂണിവേഴ്സിറ്റിയുമായി ധാരണയിലെത്തിയതും 2018ലാണ്. സുലഭ് ഇന്ത്യ പദ്ധതി പ്രകാരം സാനിട്ടറി നാപ്കിൻ യൂണിറ്റ് തുടങ്ങിയതും ഹൃദയരഞ്ജിനി പുതിയ പായ്ക്കിൽ വിപണിയിൽ എത്തിച്ചതും ഗോശാല നവീകരണത്തിനുള്ള പ്രോജക്ട് തയ്യാറാക്കിയതും ഉൾപ്പെടെ എടുത്തുപറയത്തക്ക നിരവധി നേട്ടങ്ങളും ഈ വർഷം ഉണ്ടായി.

### കടൽ കടന്ന്

രാജ്യാന്തരതലത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമായ വർഷം കൂടിയാണ് 2018. ജൂൺ ജൂലൈ മാസങ്ങളിലായി ചിക്കാഗോയിൽ നടന്ന ഫോമ കൺവെൻഷനിലും അമേരിക്കയിൽ നടന്ന ഫൊക്കാന കൺവെൻഷനിലും ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പങ്കെടുത്തു. ഏപ്രിലിൽ ഇന്തോനേഷ്യയിൽ നടന്ന എക്യുമെനിക്കൽ യൂത്ത് അസംബ്ലിയിൽ ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വി പങ്കെടുത്തു.

സെപ്റ്റംബറിൽ ഒമാനിൽ നടന്ന രാജ്യാന്തര ആരോഗ്യ ഉച്ചകോടിയിൽ സ്വാമി ജനനന്മ ജ്ഞാനതപസ്വി സംബന്ധിച്ചു. ജപ്പാനിലെ ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കം കുറിച്ചു. ചൈനയിലെ ബീജിംഗിൽ നടന്ന വേൾഡ് ഫിലോസഫി കോൺഗ്രസ്, ടൊറന്റോയിൽ നടന്ന ലോകമത പാർലമെന്റ്, ഷാർജയിൽ നടന്ന കേരള ഹെൽത്ത് എക്സ്പോ തുടങ്ങിയവയിലും ശാന്തിഗിരിയുടെ പങ്കാളിത്തം ഉണ്ടായിരുന്നു.

### ക്യാമ്പുകളിലൂടെ

സമഗ്രവികസനകാഴ്ചപ്പാടിലൂന്നിയ നിരവധി ക്യാമ്പുകൾക്ക് സാക്ഷ്യം വഹിച്ച വർഷമാണ് 2018. ശാന്തിഗിരി ശാന്തിമഹിമയുടെ 'നന്മയുടെ ഇതളുകൾ', 'കാരുണ്യം', ശാന്തിഗിരി ഗുരുമഹിമയുടെ 'പുണ്യവാഹിനി', ശാന്തിഗിരി ഗുരുകാന്തിയുടെ 'സ്നേഹസുമങ്ങൾ', ശാന്തിഗിരി വിദ്യാഭവന്റെ 'ജനപ്രിയം' തുടങ്ങി നിരവധി ക്യാമ്പുകൾ ഈ വർഷം നടന്നു. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് & ഡെവലപ്മെന്റും വിവിധ ക്ലാസ്സുകൾ ഈ വർഷം സംഘടിപ്പിച്ചു.

### ഓർമ്മയിൽ

ആശ്രമത്തിന്റെ കർമ്മമേഖലകളിൽ സംഭാവന നൽകിയ ഏതാനും ആത്മബന്ധുക്കൾ ഈ വർഷം വിട്ടുപിരിഞ്ഞു. കരുവാറ്റ എൻ. അരവിന്ദൻ, സി.ശിവശങ്കരൻ, ദ്വിഗ്‌വിജയം സതീശൻ, അഡ്വ.സി.ജയദേവൻ, പി.ലളിത, ബി.വത്സലകുമാരി തുടങ്ങിയ വ്യക്തിത്വങ്ങൾ ഈ വർഷം ഓർമ്മയായി.

## വിവാഹിതരായി



*തിരുവനന്തപുരം പുളിമാത്ത് കൊടുവഴന്നൂർ ഗുരുപ്രഭയിൽ ദിവംഗതനായ സി.പി.ബ്രഹ്മദാസിന്റേയും എസ്. ശ്രീജയുടേയും മകൻ ആദർശ് വി.യും ചാത്തന്നൂർ കാരംകോട് രഞ്ജി വിലാസത്തിൽ പുഷ്പരാജന്റേയും എസ്. തങ്കമണിയുടേയും മകൾ രമ്യ പി.യും 2018 ഡിസംബർ 27ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.*



*മഹാരാഷ്ട്ര ഡോംബിവിലി ഈസ്റ്റിൽ ദിവംഗതനായ ധനഞ്ജയ് മഹാമുനിയുടേയും സാധന മഹാമുനി സ്വരാജിന്റേയും മകൻ ശ്രീകാന്തും മഹാരാഷ്ട്ര താനെ വെസ്റ്റിൽ ഓമനക്കുട്ടൻ നായരുടേയും സുശീല നായരുടേയും മകൾ വിദ്യയും 2018 ഡിസംബർ 27ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.*



*വയനാട് സുൽത്താൻബത്തേരി ഗുരുപുഷ്പത്തിൽ ശിവരാമൻ എ.യുടേയും സൗമിനി എ.കെ.യുടേയും മകൻ വിഷ്ണു ശിവരാമും കോഴിക്കോട് ബാലുശേരി പനങ്ങാട് സന്തോഷത്തിൽ രാജൻ തൈക്കണ്ടിയുടേയും സുരാറാണിയുടേയും മകൾ ഹരിപ്രിയ റ്റി.കെ.യും 2018 ഡിസംബർ 27ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.*

*ഗുരുചരണം ശരണം*



*80–ാം പിറന്നാൾ ആഘോഷിക്കുന്ന ലക്ഷ്മിപുരം ഗുരുചന്ദ്രികയിൽ **ആനന്ദലക്ഷ്മിഅമ്മക്ക്** ആശംസകളോടെ കുടുംബാംഗങ്ങൾ*

*ഗുരുചരണം ശരണം*

**പ്രാർത്ഥനയോടെ**

**ഒ.എൻ നായർ**
**സുശീല നായർ**
**വിദ്യാ നായർ**
**ധനശ്രീ നായർ**
**ശ്രീകാന്ത്**
താനെ, ബോംബെ



*ശാന്തിഗിരി ഗുരുമഹിമ ക്യാമ്പിൽ നിന്ന്*

# ഗുരുമഹിമ ക്യാമ്പ് സംഘടിപ്പിച്ചു

**എജ്യൂക്കേഷൻ സോൺ:** പൂജിതപീഠം സമർപ്പണം 2019 നോടനുബന്ധിച്ച് ശാന്തിഗിരി ഗുരുമഹിമ ഡിസംബർ 23ന് ആശ്രമത്തിൽ വച്ച് ഏകദിന ക്യാമ്പ് നടത്തി. ഗുരുമഹിമ ഹെഡ് സർവ്വാദരണീയ ജനനി നവപ്രിയ ജ്ഞാനതപസ്വിനി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 'മനസ്സ് സൂക്ഷിച്ചുതന്നെ ജീവിക്കണമെന്നും ജീവിതാവസാനം വരെ ഗുരുവിന്റേതായിട്ടു തന്നെ ജീവിക്കണമെന്നും' അഭിവന്ദ്യ ശിഷ്യപൂജിത അറിയിച്ച വിവരം ജനനി മീറ്റിംഗിൽ അവതരിപ്പിച്ചു. ക്യാമ്പിൽ അദ്ധ്യക്ഷത വഹിച്ച ഗുരുമഹിമ ഇൻചാർജ് ജനനി രേണുരൂപ ജ്ഞാനതപസ്വിനി ലോകത്തിനായി ഗുരുക്കന്മാർ അനുഭവിച്ച ത്യാഗത്തെക്കുറിച്ചും ഗുരുവിന്റെ കരുതലിനെ ജീവിതവഴിയായി മാറ്റേണ്ടുന്നതിനെക്കുറിച്ചും സംസാരിച്ചു. കോർഡിനേറ്റർ പ്രിയംവദ ആർ.എസ്., ഗുരുനിശ്ചിത യു., അശ്വതി ഗോപി, വന്ദിത ബാബു, മീനാക്ഷി മധുപാൽ, ജനനിധി എസ്., കീർത്തന റ്റി.ഷാജി തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് കുട്ടികൾ ടാബ്ളോ അവതരിപ്പിച്ചു. 'ഗുരുക്കന്മാരുടെ ത്യാഗജീവിതം' എന്ന വിഷയത്തിൽ ക്യാമ്പിൽ പങ്കെടുത്തവരെല്ലാം സംസാരിച്ചു. തിരുവനന്തപുരം റൂറൽ, സിറ്റി ഏരിയകളിലെ പ്രവർത്തകർ ക്യാമ്പ് പങ്കെടുത്തു.

## ദിവംഗതരായി



*ഹേമലത നായർ*

**തിരുവനന്തപുരം:** പി.റ്റി.പി നഗർ മണിഗംഗയിൽ ഹേമലത നായർ (65) ഡിസംബർ 28ന് ദിവംഗതയായി. സംസ്കാരം നടന്നു. ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂളിലെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപികയായിരുന്നു. ഭർത്താവ് : പ്രൊഫ.റ്റി.വി.ജി നായർ (മുൻ പ്രിൻസിപ്പാൾ, എസ്.വി.ബി.എച്ച്.എസ്.എസ്) മക്കൾ: പ്രശാന്ത്, ശ്രീകാന്ത്, ദിവംഗതനായ ഹേമന്ത്.



*ജിജികുമാർ. പി*

**പാലോട്ടുകോണം:** ശാന്തിഭവനിൽ ജിജികുമാർ പി(48) ഡിസംബർ 25ന് ദിവംഗതനായി. സംസ്കാരം നടന്നു. ദിവംഗതനായ കടയ്ക്കൽ പുരുഷന്റെ മകനാണ്.

ഭാര്യ: സരസ്വതി (ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ ആന്റ് ഫുഡ് സർവ്വീസസ്). സഹോദരങ്ങൾ : വത്സല പി., ലില്ലി പി., അജികുമാർ പി., അനിൽകുമാർ പി.



*പുഷ്പവല്ലി അമ്മാൾ*

**കൊല്ലം:** ഉളിയക്കോവിൽ മൈത്രി നഗർ മുരുകാലയത്തിൽ പുഷ്പവല്ലി അമ്മാൾ (70) ഡിസംബർ 29ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് : ദിവംഗതനായ ശിവൻ ആചാരി. മക്കൾ : ശരവണകുമാർ റ്റി.എസ്, ഹരികുമാർ റ്റി.എസ്, ശ്രീകുമാർ റ്റി.എസ് ( അക്കൗണ്ടന്റ്, ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ച്), ഗണേഷ് നാഥ് റ്റി.എസ്.



*ഹൃദയരഞ്ജിനി ലേപം പുതിയ പായ്ക്കിംങ് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പ്രകാശനം ചെയ്യുന്നു. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി തുടങ്ങിയവർ സമീപം.*

# സിദ്ധദിനാചരണം: സൗജന്യ മെഡിക്കൽ ക്യാമ്പ്

**പാലോട്ടുകോണം:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ സിദ്ധ ദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ 27ന് പാലോട്ടുകോണം അംഗൻവാടിയിൽ മെഡിക്കൽ ക്യാമ്പും സൗജന്യമരുന്ന് വിതരണവും ബോധവത്കരണ സെമിനാറും നടന്നു. പോത്തൻകോട് ഗ്രാമപഞ്ചായത്ത് അംഗം എം. ബാലമുരളി ഉദ്ഘാടനം ചെയ്തു. കീഴ്തോന്നക്കൽ വില്ലേജ് ഓഫീസർ എസ്. പ്രസന്നകുമാരി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രീകല എന്നിവർ സംസാരിച്ചു. ഡോ.ശാലിനി കൃഷ്ണ, ഡോ. സേനു എസ്., പ്രഭു റ്റി. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.



*സൗജന്യ മെഡിക്കൽ ക്യാമ്പ് എം ബാലമുരളി ഉത്ഘാടനം ചെയ്യുന്നു*

കിളിമാനൂർ എസ്.എൻ.വി. യു.പി.എസിലും ക്യാമ്പ് നടന്നു. സിദ്ധ മെഡിക്കൽ കോളേജ് അസോ.പ്രൊഫസർ ഡോ. കെ.നമശിവായം ഉദ്ഘാടനം ചെയ്തു. പി.കെ.ദേവി പ്രസാദ്, മഹേഷ് എം., വി.സതീഷ്, ഡോ.അൻവർ മുഹമ്മദ്, ബിജു എസ്., സ്വാതി പ്രേംകുമാർ എന്നിവർ സംസാരിച്ചു.

# ജലയാനക്യാമ്പ് വേറിട്ട അനുഭവമായി

**ചേർത്തല:** മഹാപ്രളയത്തിന് മുക്കിക്കളയാനാകാത്ത ആലപ്പുഴയിലെ കായൽ സൗന്ദര്യം നുകർന്ന് കുട്ടനാടൻ കായലിലൂടെ ഹൗസ്ബോട്ടിൽ സഞ്ചരിച്ച് ശാന്തിഗിരി ശാന്തിമഹിമ ചേർത്തല ഏരിയയിലെ പ്രവർത്തകർ നടത്തിയ ഏകദിന ക്യാമ്പ് വേറിട്ട അനുഭവമായി. ഗുരുവിന്റെ ജന്മം കൊണ്ട് ദൈവത്തിന്റെ സ്വന്തം നാടെന്ന ഖ്യാതി നേടിയ കിഴക്കിന്റെ വെനീസിൽ ഒരുക്കിയ ക്യാമ്പിൽ ഗുരുഗീതങ്ങൾ ആലപിച്ചുകൊണ്ടും വഞ്ചിപ്പാട്ടുകളും നാടൻ പാട്ടുകളും പാടിയും കവിതകൾ ചൊല്ലിയും പ്രവർത്തകർ ചാരുത പകർന്നു. ഇനിയൊരു പ്രളയം ഈ നാടിന് ശാപമാകരുതെന്ന സങ്കല്പംപേറി വേണം പങ്കെടുക്കേണ്ടതെന്ന് ക്യാമ്പ് ഉദ്ഘാടനം ചെയ്ത ജനനി അഭേദ ജ്ഞാനതപസ്വിനി പറഞ്ഞു.

രാവിലെ 10 മണിക്ക് ആലപ്പുഴ പുന്നമടക്കായലിൽ നിന്നും ആരംഭിച്ച ജലയാന ക്യാമ്പ് കുട്ടനാടിന്റെ സൗന്ദര്യ ഭൂമികളായ പള്ളാത്തുരുത്ത്, കുപ്പപ്പുറം, നെടുമുടി എന്നീ സ്ഥലങ്ങൾ താണ്ടി റാണി, ചിത്തിര, മാർത്താണ്ഡം കായലുകൾ ചുറ്റി വൈകുന്നേരം 5 മണിക്ക് ആലപ്പുഴ ബോട്ട് ജെട്ടിയിൽ സമാപിച്ചു. കോർഡിനേറ്റർ അനൂപ് ടി.പി., രവീന്ദ്രൻ പി.ജി. തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.



*ശാന്തിമഹിമ ജലയാനക്യാമ്പിൽ നിന്നും*




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala